(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രണ്ടു കാട്ടാനകളെ വൈദ്യുതാഘാതമേൽപ്പിച്ചു കൊന്നതിന് രണ്ടുപേർക്കെതിരായും ഒരു കാട്ടുപന്നിയെ കൊന്നതിന് രണ്ടു പേർക്കെതിരായും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പാമ്പ് കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം

287 (3921) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പുകടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ് വനം വകുപ്പ് മുഖേന അനുവദിച്ചുകൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(ബി) വയലുകളിലും മറ്റും പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കാണ് മിക്കപ്പോഴും പാമ്പുകടിയേൽക്കുന്നത് എന്നത് കണക്കിലെടുത്ത് ഇവരുടെ ചികിത്സാ ചെലവ് വനം വകുപ്പ് വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പാമ്പ് കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

കഷ്ടനഷ്ടങ്ങളുടെ സ്വഭാവം	നഷ്ടപരിഹാരത്തുക
പരിക്ക്	പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും)
പാമ്പ് കടിയാലുള്ള ജീവഹാനി	
1.വനത്തിനുള്ളിൽ (നിയമാനുസൃതം പ്രവേശിക്കുന്ന/താമസിക്കുന്ന വ്യക്തികൾക്ക്)	5 ലക്ഷം രൂപ
2. വനത്തിനുപുറത്ത്	1 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

പരിക്കിനുള്ള ചികിത്സാ സഹായം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 4 തവണവരെ ലഭിക്കുന്നതാണ്. സംഭവ തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്ത് അധികാര പരിധിയുള്ള റെയ്ഞ്ച് ഫോറസ്റ്റാഫീസർക്ക്/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(ബി) ഇത്തരത്തിലുള്ള തൊഴിലാളികളുടെ കാര്യത്തിലും നിലവിൽ ഉത്തരം 'എ' യിൽ പരമാർശിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് ചികിത്സാ ചെലവിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത്.

വനപരിപാലനത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾ

288 (3922) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപരിപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് തോക്കുൾപ്പെടെയുള്ള യാതൊരു ആയുധങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനം കൊള്ളക്കാരുടെയും, മാഫിയകളുടെയും വനംകൊള്ള അവസാനിപ്പിക്കുവാൻ ശക്തമായ സജ്ജീകരണങ്ങളും നടപടികളും അനിവാര്യ മാണെന്നിരിക്കെ; വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനും കൃത്യനിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും ഉടനടി അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ശ്രമകരവും ജീവൻ പണയപ്പെടുത്തിയുള്ളതുമായ വന സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന വളരെ തുച്ഛമായ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വന മേഖലയിൽ വ്യാജമദ്യ വാറ്റ്, വനമേഖലയിലെ റോഡുകളിൽ പുകവലി എന്നിവ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിന് വനം വകുപ്പിലെ ഫോറസ്റ്റർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly